# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3420 — 19.10.2016 -ൽ മറുപടിയ്ക്ക്

### ഹില്ലി അക്വാ മിനറൽ വാട്ടർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മണി | ജലവിഭവ വകുപ്പുമന്ത്രി |
| എ) ഇടുക്കി ജില്ലയിൽ ഹില്ലി അക്വാ മിനറൽ വാട്ടർ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് എന്തൊക്കെ സൗകര്യങ്ങൾ ആണ് നൽകിയിട്ടുള്ളത്; | എ) കുപ്പിവെള്ളം ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ ഹില്ലി അക്വാ ഫാക്ടറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) പൂർണ്ണമായും സർക്കാരിന്റെ കീഴിലാണോ ഇത് പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ സർക്കാരിന് എത്ര ശതമാനം പങ്കാളിത്തം ഉണ്ട്; ഈ പദ്ധതിയുടെ മുതൽമുടക്ക് എത്ര രൂപയാണ്; | ബി) ഈ പദ്ധതി പൂർണ്ണമായും സർക്കാരിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ സംരഭത്തിൽ സർക്കാരിന്റെ 100% പങ്കാളിത്തം ഉണ്ട്. ഈ പദ്ധതിയ്ക്കു വേണ്ടി നിലവിൽ ഒൻപതുകോടി എൺപത്തിയാറു ലക്ഷം രൂപയാണ് മുതൽ മുടക്കിയിരിക്കുന്നത്. |
| സി) ഒരു ദിവസം പരമാവധി എത്ര ലിറ്റർ മിനറൽ വാട്ടർ ഉത്പാദനശേഷിയുണ്ട്; ഇപ്പോൾ പ്രതിദിനം ശരാശരി എത്ര ലിറ്റർ ഉൽപാദനമാണ് നടക്കുന്നത്; സംസ്ഥാനത്തെമ്പാടും ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ഉത്പാദനം കുറയാനിടയായ സാഹചര്യം വിശദീകരിക്കാമോ? | സി) ഈ ഫാക്ടറിയിൽ ഒരു മണിക്കൂറിൽ ഒരു ലിറ്ററിന്റെ 7500 ബോട്ടിൽ ഉല്പാദിപ്പിക്കാനുള്ള ശേഷിയുണ്ട്. ഇപ്പോൾ പ്രതിദിനം ശരാശരി 30,000 ലിറ്റർ ഉല്പാദിപ്പിച്ചു വരുന്നു. സംസ്ഥാനത്ത് നൂറിൽപരം സ്വകാര്യ ഫാക്ടറികളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന കുപ്പിവെള്ളം ഒരു കുപ്പിയ്ക്ക് 20 രൂപ എന്ന കണക്കിനാണ് ഡീലർമാർ വഴി വില്പന നടത്തി വരുന്നത്. എന്നാൽ ഹില്ലി അക്വാ ഒരു കുപ്പിയ്ക്ക് 15 രൂപ നിരക്കിലാണ് വില്പന നടത്തുന്നത്. സ്വകാര്യ കമ്പനികൾക്കും ഡീലർമാർക്കും അധിക കമ്മീഷൻ നൽകി വരുന്നതിനാൽ ഡീലർമാർ തുടക്കത്തിൽ ഹില്ലി അക്വാ എടുത്ത് വിപണനം ചെയ്യാൻ വിമുഖത കാണിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഹില്ലി അക്വായുടെ ഗുണമേന്മ മനസ്സിലാക്കി കൂടുതൽ ഉപഭോക്താക്കൾ ഹില്ലി അക്വാ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഡീലർമാർ ഹില്ലി അക്വാ സ്റ്റോക്ക് ചെയ്യേണ്ട സ്ഥിതി വന്നിട്ടുണ്ട്. ആയതിനാൽ വരും നാളുകളിൽ വിപണന ആവശ്യം അനുസരിച്ച് ഫാക്ടറിയിൽ നിന്നും കൂടുതൽ ഉല്പാദിപ്പിച്ച് നൽകുവാൻ സാധിക്കുന്നതാണ്. |
| ഡി) ഉത്പ്പന്നം എപ്രകാരമാണ് വിതരണം നടത്തുന്നത്; ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തിരമാണെങ്കിൽ ഇവരുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ; | ഡി) ഹില്ലി അക്വാ ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തിരം ഡീലർമാരുടെ അടുത്ത് എത്തിച്ച് വിപണനം നടത്തി വരുന്നു. ഡിസ്ട്രിബ്യൂട്ടർമാരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| ഇ) | ഒരു ലിറ്റർ ബോട്ടിലിന്റെ പരമാവധി വിപണന വില എത്ര രൂപയാണ്; ഒരു ബോട്ടിലിന് എത്ര രൂപ നിരക്കിലാണ് ഡിസ്ട്രിബ്യൂട്ടർമാർക്ക് നൽകുന്നത്; വിശദാംശം നൽകാമോ; | ഇ) | ഒരു ലിറ്റർ ഹില്ലി അക്വാ ബോട്ടിലിന്റെ പരമാവധി വില 15 രൂപയാണ്. നിലവിൽ ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുമുള്ള ഡിസ്ട്രിബ്യൂട്ടർമാർ തൊടുപുഴ ഫാക്ടറിയിൽ നിന്നും നേരിട്ട് എടുക്കുമ്പോൾ ഒരു കുപ്പിയ്ക്ക് 6 രൂപ നിരക്കിലും മറ്റ് ജില്ലകളിലെ ഡിസ്ട്രിബ്യൂട്ടർമാർക്ക് അവരുടെ ഗോഡൗണിൽ എത്തിച്ചു കൊടുക്കാനുള്ള വാഹനകൂലി ഉൾപ്പെടെ ഒരു കുപ്പിയ്ക്ക് 7 രൂപ നിരക്കിലും നല്കി വരുന്നു. |
| എഫ്) | ഔട്ട് ലെറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് നേരിട്ട് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നിരക്കിലാണ് ഒരു ബോട്ടിൽ നൽകുന്നത്; ഒരാൾക്കു പരമാവധി എത്ര ബോട്ടിൽ നൽകുമെന്ന് വിശദമാക്കുമോ; പരാമാവധി ഉൽപാദനത്തിനനുസരിച്ച് ഡിസ്ട്രിബ്യൂട്ടർമാർ ഉൽപ്പന്നം വാങ്ങുന്നില്ല എങ്കിൽ കൂടുതൽ ഡിസ്ട്രിബ്യൂട്ടർമാരെ ഉൾപ്പെടുത്തി ഈ സംരംഭം വിജയിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | എഫ്) | ഫാക്ടറി ഔട്ട് ലെറ്റിൽ നിന്ന് പൊതുജനങ്ങൾക്ക് നേരിട്ട് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്നും ഒരു ലിറ്ററിന്റെ ബോട്ടിൽ 10 രൂപയ്ക്കാണ് നൽകി വരുന്നത്. നിലവിൽ ഒരാൾക്ക് പരമാവധി 20 ബോട്ടിൽ വരെ മാത്രമേ നൽകുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പരമാവധി ഉൽപാദന ത്തിനനുസരിച്ച് ഡിസ്ട്രിബ്യൂട്ടർമാർ ഉൽപ്പന്നം വാങ്ങുന്നില്ല എങ്കിൽ കൂടുതൽ ഡിസ്ട്രിബ്യൂട്ടർമാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| ജി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമന രീതി സംബന്ധിച്ച വിശദാംശം നൽകാമോ; കരാർ അടിസ്ഥാനത്തിലാണ് നിയമനമെങ്കിൽ കരാർ എന്നുവരെയാണ് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;ഹില്ലി അക്വാ സംരംഭം എപ്രകാരം പൂർണമായും വിജയകരമായി കൊണ്ടുപോകാം എന്നതു സംബന്ധിച്ച് പഠനം നടത്തുമോ? | ജി) | പ്രസ്തുത ഫാക്ടറി ജീവനക്കാരുടെ ഒഴിവുകൾക്കനുസരിച്ച് പത്രങ്ങളിൽ പരസ്യം നൽകി അഭിമുഖം നടത്തി, കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത് . സാധാരണ കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷമാണ്. എന്നാൽ മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിലുള്ള ഇവരുടെ പരിചയം പരിഗണിച്ച് കാലാവധി നീട്ടികൊടുക്കാറുണ്ട്. നിലവിൽ ഹില്ലി അക്വാ സംരംഭം പൂർണ്ണമായും വിജയകരമായി മുന്നോട്ട് പോകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## DISTRIBUTORS OF HILLY AQUA

| Sl No | Name of distributor |
|---|---|
| 1 | The Thodupuzha Taluk Co-operative Marketing and Processing Society ltd.No.E222 P.O. Box no 17, Thodupuzha - 685584 |
| 2 | Dominic John, Muringamattathil House, Venmattom Kaliyar P.O., Thodupuzha |
| 3 | M/s. Mystical Rose Agencies, XXI/243, Pala Municipality Kurivinokinal Buldings, Vaikam Road , Pala. |
| 4 | Babu Thomas M/s Cochin Scaffolding Private Limited House no 28/1287, Padam stop, Alunkal Road, Kadavanthara, Cochin |
| 5 | Nawab Khan, S.N.K. Group, Zaibum, Vayalikada P.O., Vattiyoorkavu, Thiruvananthapuram |
| 6 | Mr. Dinaraj M/s. We One Agencies, VP X/243, Vilabhagom, Nedunganda P. O., Pin 695 307. |
| 7 | Joseph George, Myladoor Rubbers, Thattarathatta, P O., Thodupuzha Taluk |
| 8 | Mr. Shine V John, M/s. Swaralaya Distributions , Kaduvettoon House, Vammnazhy, Pandanad P.O. , hengannur. |
| 9 | Mathew Joseph, Mundichira HO, Parathode P.O. Idduki. |
| 10 | Aravindakshan .K.K, Amrutham, Azhiyoor P O, Kozhikode . |